**File No.LSGD-DC3/1370/2017-LSGD**

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിരുന്ന ബുക്ക് മാർക്ക്, സാഹിത്യപ്രവർത്തക സഹകരണസംഘം എന്നീ സ്ഥാപനങ്ങൾക്ക് പുറമെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുകൂടി പുസ്തകങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1160/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/06/2019

---

പരാമർശം:- (1) സ.ഉ.(സാധാ) 3709/2017/തസ്വഭവ തീയതി 18.11.2017

(2) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 08.04.2019 ലെ എസ്.പി.3/995/2019/സിൽ നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ ആയത് ബുക്ക് മാർക്ക്, സാഹിത്യപ്രവർത്തക സഹകരണസംഘം എന്നിവ വഴി വാങ്ങാൻ നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ, ഏറ്റവും കൂടുതൽ ഡിസ്കൗണ്ട് നൽകുന്ന കേരള സർക്കാർ സ്ഥാപനമായ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെകൂടി പരിഗണിക്കണമെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെകൂടി ഉൾപ്പെടുത്തി പരാമർശം(1) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യണമെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പരാമർശം(2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്..

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുന്നതിന് പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം അനുമതി

നൽകിയിട്ടുള്ള ബുക്ക് മാർക്ക്, സാഹിത്യപ്രവർത്ത സഹകരണസംഘം എന്നീ സ്ഥാപനങ്ങൾക്ക് പുറമേ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുകൂടി പുസ്തകങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (നഗരകാര്യ ഡയറക്ടർ/പഞ്ചായത്ത് ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഐ.&പി.ആർ. (വെബ് & ന്യൂമീഡിയ) വകുപ്പ്

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ